# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15.03.2026**

### പ്രധാനവാർത്തകൾ

1. കേരളം ഉൾപ്പടെ നാല് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും.

2. സംസ്ഥാനത്ത് പതിനായിരത്തി ഒരുന്നൂറ്റി പതിനഞ്ച് പേർക്ക് കൂടി രണ്ടായിരം രൂപ കർഷക പെൻഷൻ അനുവദിക്കാൻ മന്ത്രിസഭാ യോഗ തീരുമാനം; 13 ഉന്നതി കുടുംബങ്ങൾക്ക് വയനാട് ടൗൺഷിപ്പ് മാതൃകയിൽ വീട് നിർമിച്ച് നൽകാനും അനുമതി.

RNUTVPM

3. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി വിപുലീകരിച്ചതായി മന്ത്രി പി. പ്രസാദ്. ഉപ്പുവെള്ളം കയറിയുണ്ടാകുന്ന നെൽകൃഷി നാശത്തിനും ഇനി നഷ്ടപരിഹാരം.

4. പശ്ചിമേഷ്യൻ മേഖലയിലെ 12-ാം ക്ലാസ് പരീക്ഷകൾ റദ്ദാക്കിയതായി സിബിഎസ്ഇ; ഫലപ്രഖ്യാപന രീതി പിന്നീട് അറിയിക്കുമെന്നും ബോർഡ്.

5. "സുരക്ഷിത ഉൽപ്പന്നങ്ങൾ, ആത്മവിശ്വാസമുള്ള ഉപഭോക്താക്കൾ" എന്ന സന്ദേശവുമായി ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം.

6. ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യക്കായി നിർണായക പ്രകടനം കാഴ്ച വച്ച സഞ്ജു സാംസണ് സംസ്ഥാന സർക്കാരിന്റെ ആദരം; മുഖ്യമന്ത്രി പിണറായി വിജയൻ നാളെ പരിപാടി ഉദ്ഘാടനം ചെയ്യും.

**&&&&&&&&&&&&&&&&&&**

<u>തിരഞ്ഞെടുപ്പ് പ്രഖ്യാപനം</u>

രാജ്യത്തെ നാല് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് വൈകുന്നേരം 4 മണിക്ക് പ്രഖ്യാപിക്കും. അസം, പശ്ചിമ ബംഗാൾ, തമിഴ്നാട്, കേരളം, പുതുച്ചേരി എന്നിവിടങ്ങളിലാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. 140 അംഗങ്ങളുള്ള കേരള നിയമസഭയുടെ കാലാവധി മെയ് 23-നാണ് അവസാനിക്കുന്നത്.

PNU TVPM

**&&&&&&&&&&&&&&&&&&**

<u>മൈ ഭാരത് ബജറ്റ് ക്വസ്റ്റ്</u>

മൈ ഭാരത് ബജറ്റ് ക്വസ്റ്റ് 2026 മൂന്നാം ഘട്ടത്തിന് ഇന്ന് തുടക്കമാകും. പരിപാടിയുടെ ഭാഗമായി സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുള്ള വിജയികളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിക്കും. കേന്ദ്ര ബജറ്റിനെക്കുറിച്ച് ചർച്ച ചെയ്യാനും വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനെക്കുറിച്ച് യുവജനങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കിടാനുമാണ് മൈ ഭാരത് ബജറ്റ് ക്വസ്റ്റ് ലക്ഷ്യമിടുന്നത്. ഇതോടനുബന്ധിച്ച് നടന്ന മത്സരങ്ങളിൽ 12 ലക്ഷത്തിലധികം യുവാക്കളാണ് പങ്കെടുത്തത്.

**&&&&&&&&&&&&&&&&&&**

<u>മന്ത്രിസഭായോഗം - ഇൻട്രോ</u>

സംസ്ഥാനത്ത് 10,115 കർഷകർക്ക് കൂടി രണ്ടായിരം രൂപ പെൻഷൻ അനുവദിക്കാൻ മന്ത്രിസഭാ യോഗ തീരുമാനം. 13 ഉന്നതി

കുടുംബങ്ങൾക്ക് വയനാട് ടൗൺഷിപ്പ് മാതൃകയിൽ വീട് നിർമിച്ചു നൽകാനും യോഗം അനുമതി നൽകി.

**വിശദാംശങ്ങളിലേക്ക്.....**
**( വോയിസ്....)**

**മന്ത്രിസഭായോഗം- വോയിസ്**

വയനാട് ഉരുൾപൊട്ടൽ ബാധിച്ച പുഞ്ചിരിമട്ടം, എറാട്ടുകുണ്ട്, വില്ലേജ് റോഡ് ഉന്നതികളിലെ 13 കുടുംബങ്ങൾക്ക് ടൗൺഷിപ്പ് മാതൃകയിൽ വീടുകൾ നിർമ്മിച്ചു നൽകാനാണ് അനുമതി നൽകിയത്. 2021 ശേഷം 60 വയസ് തികഞ്ഞ കർഷകർക്ക് ചെറുകിട - നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പെൻഷൻ നൽകാനും തീരുമാനം. ഇതിനായി 24.276 കോടി രൂപ അനുവദിക്കും. ഇതിന് പുറമേ 2,225 കർഷകരുടെ പെൻഷൻ അപേക്ഷകൾ കൂടി സമയബന്ധിതമായി പരിശോധിച്ച് തീരുമാനം എടുക്കും. പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള വിളനാശത്തിന് അടിയന്തിര സഹായ പദ്ധതി പ്രകാരം 2021 ഒക്ടോബർ മുതലുള്ള 76.68 കോടി രൂപ കുടിശ്ശിക അനുവദിക്കാനും തീരുമാനമായി. ഒരു ലക്ഷത്തി 50,267 കർഷകർക്കാണ് തുക വിതരണം ചെയ്യുക. സംസ്ഥാന വിള ഇൻഷുറൻസ് ഇനത്തിൽ 18,171 കർഷകർക്ക് 2024 ജൂൺ മുതൽ കുടിശ്ശികയുള്ള 43.19 കോടി രൂപ അനുവദിക്കാനും യോഗം തീരുമാനിച്ചു. 2024 ഡിസംബർ 31 വരെയുള്ള ട്രാഫിക്ക് നിയമലംഘനങ്ങളുടെ പിഴ 50 ശതമാനം ഇളവ് ചെയ്യും. 2026 മെയ് 30 ന് മുമ്പ് അടച്ച് തീർക്കുമെന്ന വ്യവസ്ഥയിലാണ് ഇളവ് അനുവദിക്കുക.

ന്യൂസ്ഡെസ്ക് ആകാശവാണി...

&&&&&&&&&&&&&&&&&&

**കൃഷിമന്ത്രി പി പ്രസാദ്**

RNU TVPM

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി വിപുലീകരിച്ചതായി കൃഷി മന്ത്രി പി. പ്രസാദ്. ഉപ്പുവെള്ളം കയറിയുണ്ടാകുന്ന നെൽകൃഷി നാശത്തിനും പുതിയ പദ്ധതിയിലൂടെ നഷ്ടപരിഹാരം ലഭിക്കും. പുതിയതായി 13 വിളകളെയും ഇതാദ്യമായി തേനീച്ച കൃഷിയെയും ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**&&&&&&&&&&&&&&&&&&**

<u>പശ്ചിമേഷ്യൻ സംഘർഷം</u>

പശ്ചിമേഷ്യൻ സംഘർഷം മൂന്നാം ആഴ്ചയിലേക്ക് കടന്നു. ഹോർമുസ് കടലിടുക്കിൻ്റെ സുരക്ഷയ്ക്കായി ചൈനയും ഫ്രാൻസും ഉൾപ്പെടെയുള്ള രാജ്യങ്ങൾ കപ്പലുകൾ അയക്കണമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആവശ്യപ്പെട്ടു. യുഎസ്, ഇസ്രായേൽ കപ്പലുകൾ ഒഴികെയുള്ള അന്താരാഷ്ട്ര ഗതാഗതത്തിനായി ഹോർമുസ് തുറന്നിട്ടിരിക്കുകയാണെന്ന് ഇറാനും വ്യക്തമാക്കി. അതേസമയം, ഇന്ന് 14 വിമാന സർവീസുകൾ റദ്ദാക്കിയതായി എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും പ്രഖ്യാപിച്ചു. എന്നാൽ, ഷാർജയിൽ നിന്ന് ഡൽഹി, കണ്ണൂർ, കൊച്ചി, കോഴിക്കോട്, മുംബൈ, തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് വിമാന സർവീസുകൾ നടത്താനും ആലോചനയുണ്ട്. റാസൽ ഖൈമയിൽ നിന്ന് കോഴിക്കോടും കൊച്ചിയിലേക്കും രണ്ട് വിമാന സർവീസുകൾ നടത്തുമെന്ന് എയർ ഇന്ത്യ അറിയിച്ചു.

RNUTVPM

**&&&&&&&&&&&&&&&&&&**

<u>സിബിഎസ്ഇ- പരീക്ഷ</u>

പശ്ചിമേഷ്യൻ മേഖലയിൽ നാളെ മുതൽ അടുത്ത മാസം 10 വരെ നടക്കാനിരുന്ന 12-ാം ക്ലാസ് പരീക്ഷകൾ സിബിഎസ്ഇ റദ്ദാക്കി. നേരത്തെ മാറ്റിയ, ഈ മാസം ഒന്നാം തീയതി മുതൽ ഒമ്പതാം തീയതി വരെയുള്ള പരീക്ഷകളും റദ്ദാക്കിയതായി ബോർഡ് അറിയിച്ചു. മേഖലയിലെ 12-ാം ക്ലാസ് വിദ്യാർത്ഥികളുടെ

ഫലപ്രഖ്യാപന രീതി പിന്നീട് പ്രഖ്യാപിക്കുമെന്നും ബോർഡ് കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

<u>വാർ റൂം</u>

പാചകവാതക പ്രതിസന്ധി പരിഹരിക്കുന്നതിനായി കേരളത്തിൽ ഭക്ഷ്യ പൊതു വിതരണ വകുപ്പിന്റെ വാർ റൂം പ്രവർത്തനം ആരംഭിച്ചു. വാണിജ്യാവശ്യത്തിന് കണക്റ്റ് ചെയ്ത് ഉപയോഗിക്കുന്ന സിലിണ്ടറുകൾ കൂടാതെ പരമാവധി അഞ്ചു സിലിണ്ടറുകളിൽ കൂടുതൽ സൂക്ഷിക്കാൻ പാടില്ലെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഗാർഹിക പാചക വാതക സിലിണ്ടറുകൾ അനധികൃതമായി ഹോട്ടലുകളിൽ ഉപയോഗിക്കുന്നതായി കണ്ടെത്തിയാൽ കർശന നടപടിയെടുക്കും.

RNU TVPM

&&&&&&&&&&&&&&&&&&

<u>ലോക ഉപഭോക്തൃ അവകാശ ദിനം- ഇൻട്രോ</u>

ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം. "സുരക്ഷിത ഉൽപ്പന്നങ്ങൾ, ആത്മവിശ്വാസമുള്ള ഉപഭോക്താക്കൾ" എന്നതാണ് ഈ വർഷത്തെ പ്രമേയം. ലോകമെമ്പാടുമുള്ള ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം ശക്തമാക്കുന്നത് ലക്ഷ്യമിട്ടാണ് ദിനാചരണം സംഘടിപ്പിക്കുന്നതെന്ന് ആലപ്പുഴ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം അധ്യക്ഷ ചുമതലയുള്ള ശ്രീമതി പി ആർ ഷോളി ആകാശവാണി വാർത്തകളോട്....

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

<u>ജലവിതരണം മുടങ്ങും</u>

തിരുവനന്തപുരം അമ്പലമുക്ക് ജംഗ്ഷന് സമീപം വാട്ടർ അതോറിറ്റി പൈപ്പ്ലൈനിലുണ്ടായ ചോർച്ച

പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ തുടരുന്നു. തിരുവനന്തപുരം നഗരസഭയിലെ കഴക്കൂട്ടം, കേശവദാസപുരം, പട്ടം ഉൾപ്പടെ 25 വാർഡുകളിലേക്കുള്ള കുടിവെള്ള വിതരണം ചൊവ്വാഴ്ച വരെ പൂർണമായും ഈ മാസം 23 വരെ ഭാഗികമായും തടസ്സപ്പെടും. ഉപഭോക്താക്കൾ മുൻ കരുതലുകൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

**&&&&&&&&&&&&&&&&&&**

<u>മന്ത്രി ശിവൻകുട്ടി</u>

കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് കൂടുതൽ ഇളവുകൾ നല്കാൻ തീരുമാനിച്ചതായി മന്ത്രി വി. ശിവൻകുട്ടി. സുപ്രീംകോടതി വിധിക്കനുസരിച്ച് അധ്യാപകരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് കൂടുതൽ ഇളവുകൾ നൽകുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

RNU TVPM

**&&&&&&&&&&&&&&&&&&**

<u>തീവ്ര വോട്ടർപട്ടിക</u>

കേരളത്തിൽ തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചശേഷം ഒരു ലക്ഷത്തി 58, 212 പേർ കൂടി പട്ടികയിൽ ഇടം നേടിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. ഫെബ്രുവരി 21-ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ 2 കോടി, 69 ലക്ഷത്തി 53,644 വോട്ടർമാരാണുണ്ടായിരുന്നത്.

**&&&&&&&&&&&&&&&&&&**

<u>തെരുവുനായ ശല്യം</u>

തിരുവനന്തപുരത്ത് കോവളം ബീച്ചിൽ 13 വയസുള്ള റഷ്യൻ ബാലന് തെരുവ് നായയുടെ കടിയേറ്റു. സംഭവത്തെ തുടർന്ന് ഹാർബർ വാർഡ് കൗൺസിലർ അഫ്സ സജീന തിരുവനന്തപുരം നഗരസഭാ മേയർ വി വി രാജേഷിന് കത്ത് നൽകി. കോവളത്ത്

ഉടനെ തെരുവ് നായ്ക്കൾക്കായി ഷെൽട്ടർ സ്ഥാപിക്കുമെന്ന് മേയർ ഉറപ്പ് നൽകിയതായി വാർഡ് കൗൺസിലർ പറഞ്ഞു.

&&&&&&&&&&&&&&&&&&

**സഞ്ജു - സർക്കാർ ആദരം**

ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യക്കായി നിർണായക പ്രകടനം കാഴ്ച വച്ച സഞ്ജു സാംസണ് സംസ്ഥാന സർക്കാരിന്റെ ആദരം; തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നാളെ നടക്കുന്ന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കായിക മന്ത്രി വി അബ്ദുറഹിമാൻ അദ്ധ്യക്ഷനാകും.

&&&&&&&&&&&&&&&&&&

**സഞ്ജു സാംസൺ**

മലയാളി താരം സഞ്ജു സാംസണെ കേരള ക്രിക്കറ്റ് അസോസിയേഷനും നാളെ അനുമോദിക്കും. തിരുവനന്തപുരം മംഗലപുരം മുല്ലശേരിയിൽ കെ.സി.എ പുതുതായി നിർമ്മിച്ച ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ ഉദ്ഘാടന വേദിയിലാണ് സഞ്ജുവിനെ ആദരിക്കുന്നത്. മുഖ്യമന്ത്രി പുതിയ സ്റ്റേഡിയം നാടിന് സമർപ്പിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

**ഇടുക്കി- ഇൻട്രോ**

ഇടുക്കി ജില്ലയിലെ ഒരു പരീക്ഷാഹാളിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നത് ഇന്ത്യയിലെ ആറ് സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ. വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിലെ ഈ കാഴ്ച ഏറെ കൗതുകകരമാണ്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയിസ്)

&&&&&&&&&&&&&&&&&&

<u>കവടിയാർ കവർച്ച</u>

തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിൽ വൻ കവർച്ച. രണ്ട് കോടി രൂപ വിലമതിക്കുന്ന സ്വർണം മോഷണം പോയെന്ന പരാതിയിൽ പൊലീസ് അന്വേഷണം ആരംഭിച്ചു. കൊട്ടാരത്തിലെ മുതിർന്ന അംഗമായ ഗൗരി ലക്ഷ്മി ബായി ആണ് പേരൂർക്കട പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത്. അമൂല്യ രത്നങ്ങൾ പതിച്ച സ്വർണാഭരണങ്ങളാണ് മോഷണം പോയതെന്നാണ് വിവരം.

&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&

RNU TVPM